"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതശിശു വികസന വകുപ്പ്- കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായ ശ്രീമതി. ബിന്ദു വി. സി.യുടെ അന്യത്രസേവന നിയമനം 05.10.2024 മുതൽ വിരമിക്കൽ തീയതിയായ 31.05.2025 വരെ ദീർഘിപ്പിച്ച് നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതശിശു വികസന (ബി)വകുപ്പ്**

സ.ഉ.(സാധാ) നം.421/2024/WCDD തീയതി,തിരുവനന്തപുരം, 06-11-2024

---

പരാമർശം:-

1. സ.ഉ.(സാധാ)നം. 465/2016/സാനീവ തീയതി.04.10.2016.
2. സ.ഉ.(സാധാ) നം. 87/2017/സാനീവ തീയതി. 15.02.2017.
3. സ.ഉ.(സാധാ)നം. 746/2017/സാനീവ തീയതി. 07.11.2017.
4. സ.ഉ.(കൈ)നം. 1/2019/സാനീവ തീയതി.17.01.2019.
5. സ.ഉ.(കൈ) നം. 694/2019/സാനീവ തീയതി.31.10.2019.
6. സ.ഉ.(സാധാ)നം. 556/2020/സാനീവ തീയതി.14.10.2020.
7. സ.ഉ.(സാധാ)നം. 133/2021/വശിവിവ തീയതി.01.12.2021.
8. സ.ഉ(സാധാ)നം. 477/2022/വശിവിവ തീയതി.03.11.2022.
9. സ.ഉ(സാധാ) 591/2023/വശിവിവ തീയതി.02.11.2023.
10. വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 30.07.2024-ലെ KSWDC/EA1/PF-MD/2016/5352 നമ്പർ കത്ത്.

**ഉത്തരവ്**

കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിൽ മാനേജർ (വെൽഫെയർ) ആയി സേവനം അനുഷ്ഠിച്ച് വരവെ ശ്രീമതി. ബിന്ദു.വി.സി.യെ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായി പരാമർശം (1) പ്രകാരം നിയമിച്ച്, പരാമർശം (2) പ്രകാരം ടിയാളുടെ നിയമനം ടിയാൾ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ ഒരു വർഷത്തേയ്ക്ക്

KSR Part I Rule 144 പ്രകാരമുള്ള അന്യത്രസേവന നിയമനം ബാധകമാക്കി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും തുടർന്ന് പരാമർശം (3),(4),(5),(6),(7),(8),(9) എന്നീ ഉത്തരവുകൾ പ്രകാരം ടിയാളുടെ അന്യത്ര സേവന കാലാവധി 05.10.2017 മുതൽ ഓരോ വർഷത്തേക്ക് ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. ശ്രീമതി. ബിന്ദു. വി. സി യുടെ അന്യത്ര സേവന കാലാവധി 04.10.2024 ന് അവസാനിക്കുന്നതിനാൽ ടിയാളുടെ അന്യത്ര സേവന കാലാവധി ടിയാളുടെ വിരമിക്കൽ തീയതിയായ 31.05.2025 വരെ ദീർഘിപ്പിച്ച് നല്കുന്നതിന് എതിർപ്പില്ലെന്ന് കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് അറിയിച്ചിട്ടുണ്ടെന്നും മേൽ സാഹചര്യത്തിൽ ശ്രീമതി. ബിന്ദു വി. സി.യുടെ അന്യത്രസേവന കാലാവധി 05.10.2024 മുതൽ വിരമിക്കൽ തീയതിയായ 31.05.2025 വരെ നീട്ടി നൽകുന്നതിലേക്കാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പരാമർശം (10) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിൽ അന്യത്രസേവന വ്യവസ്ഥയിൽ നിലവിൽ മാനേജിംഗ് ഡയറക്ടറായി പ്രവർത്തിയെടുക്കുന്ന ശ്രീമതി.ബിന്ദു.വി.സി.യുടെ മെച്ചപ്പെട്ട പ്രവർത്തനം സ്ഥാപനത്തിന്റെ ഉന്നതിയ്ക്കും പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ഏറെ ഗുണകരമായിരുന്നു എന്ന വസ്തുത കണക്കിലെടുത്ത് ശ്രീമതി ബിന്ദു വി സി യുടെ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിലെ അന്യത്രസേവന കാലാവധി 05.10.2024 മുതൽ വിരമിക്കൽ തീയതിയായ 31.05.2025 വരെ ദീർഘിപ്പിച്ചു നല്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ,
തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്.

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
Date: 06-11-2024 14:41:41

സെക്ഷൻ ഓഫീസർ